<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5480</u> <u>15-03-2023 - ൽ മറുപടിയ്ക്ക്</u>

<u>പൊതുഗതാഗത സൗകര്യത്തിന്റെ ശക്തീകരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജനസംഖ്യാനുപാതത്തിൽ രാജ്യത്ത് ഏറ്റവും കുറവ് ബസുകൾ പൊതുഗതാഗതത്തിനായുള്ളത് കേരളത്തിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ജനസംഖ്യാനുപാതത്തിൽ സംസ്ഥാനങ്ങൾ തമ്മിലുള്ള പൊതു ഗതാഗതം സംബന്ധിച്ച പഠനം മോട്ടോർ വാഹനവകുപ്പ് നടത്തിയിട്ടില്ല. എന്നിരുന്നാലും ജനസംഖ്യാനുപാതത്തിൽ ഏറ്റവും കൂടുതൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗിക്കുന്ന സംസ്ഥാനമാണ് കേരളം. അതുകൊണ്ട് തന്നെ പൊതുഗതാഗതം ഉപയോഗിക്കുന്ന യാത്രക്കാരുടെ എണ്ണം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണ്. |
| (ബി) | പൊതു, സ്വകാര്യ മേഖലകളുടെ ഏകോപനത്തിലൂടെ പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്താൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ദേശസാൽകൃത റൂട്ടുകളൊഴികെ മറ്റ് റൂട്ടുകളിൽ സ്വകാര്യ ബസുകൾക്ക് ഓർഡിനറി സർവീസുകൾ നടത്തുന്നതിന് അനുമതി നൽകുന്നുണ്ട്. |
| (സി) | യാത്രക്കാരെ പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് കൂടുതലായി ആകർഷിക്കുന്നതിന് വികസിത രാജ്യങ്ങളുടെ മാതൃകയിൽ ഒറ്റ ടിക്കറ്റിൽ ഒന്നിലധികം യാത്രാ മാർഗങ്ങൾ കോർത്തിണക്കുന്ന സംവിധാനം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;? | (സി) | ഒറ്റ ടിക്കറ്റിൽ ഒന്നിലധികം യാത്രാ മാർഗ്ഗങ്ങൾ കോർത്തിണക്കുന്നതിനുള്ള സംവിധാനം ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ